**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 62** **16-09-2025 - ൽ മറുപടിയ്ക്ക്**

**കോഴിക്കോട് വിമാനത്താവളത്തിന്റെ വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. വി. ഇബ്രാഹിം | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | കോഴിക്കോട് വിമാനത്താവളത്തിന്റെ വികസനം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ; | (എ) | കോഴിക്കോട് അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ റൺവേ വികസനത്തിനായി 5.0763 ഹെക്ടർ (12.543 ഏക്കർ) ഭൂമി ഏറ്റെടുത്ത് എയർപ്പോർട്ട് അതോറിറ്റിക്ക് കൈമാറിയിരുന്നു. എയർപ്പോർട്ട് അതോറിറ്റിയുടെ മേൽനോട്ടത്തിൽ 'റെസ' വിപുലീകരണ പ്രവർത്തനങ്ങൾ 22% പൂർത്തിയായി, ബാക്കി പ്രവൃത്തികൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു. ടെർമിനൽ കെട്ടിടത്തിന്റെ പുനർരൂപീകരണം അവസാന ഘട്ടത്തിലാണ്. 30-09-2026 ന് പ്രവൃത്തികൾ പൂർത്തീകരിക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു. |
| (ബി) | വികസനത്തിന് വേണ്ടി സ്ഥലം ഏറ്റെടുത്തു നൽകിയതിന്റെ അടിസ്ഥാനത്തിൽ റെസാ വികസനം ഇപ്പോൾ ഏത് ഘട്ടത്തിൽ ആണെന്നും, ഇവയുടെ പ്രവർത്തി എന്നത്തേക്ക് പൂർത്തീകരിക്കാൻ സാധിക്കുമെന്നും വ്യക്തമാക്കുമോ; | (ബി) | കോഴിക്കോട് അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ റൺവേ വികസനത്തിനായി 5.0763 ഹെക്ടർ (12.543 ഏക്കർ) ഭൂമി ഏറ്റെടുത്ത് എയർപ്പോർട്ട് അതോറിറ്റിക്ക് കൈമാറിയിരുന്നു. എയർപ്പോർട്ട് അതോറിറ്റിയുടെ മേൽനോട്ടത്തിൽ 'റെസ' വിപുലീകരണ പ്രവർത്തനങ്ങൾ 22% പൂർത്തിയായി, ബാക്കി പ്രവൃത്തികൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു. ടെർമിനൽ കെട്ടിടത്തിന്റെ പുനർരൂപീകരണം അവസാന ഘട്ടത്തിലാണ്. 30-09-2026 ന് പ്രവൃത്തികൾ പൂർത്തീകരിക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു. |
| (സി) | വിമാനത്താവളത്തിന്റെ വികസനത്തിന് സ്ഥലം ഏറ്റെടുത്തപ്പോൾ അടഞ്ഞുപോയ എയർപോർട്ട് ക്രോസ് റോഡിന് പകരം പുതിയ റോഡിന് സ്ഥലം ഏറ്റെടുത്ത് നിർമ്മിക്കുന്ന നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ; | (സി) | എയർപ്പോർട്ട് അതോറിറ്റിയുടെ കൈവശത്തിലുള്ള ഭൂമിയിലൂടെ ക്രോസ് റോഡ് നിർമ്മിക്കുന്നതിനുള്ള അനുമതിയ്ക്ക് തുടർ നടപടിക്കായി എയർപോർട്ട് ഡയറക്ടറെ ചുമതലപ്പെടുത്തുകയും പൊതുമരാമത്ത് വകുപ്പ് നിരത്ത് വിഭാഗം ചീഫ് എഞ്ചിനീയർ സ്ഥലപരിശോധന നടത്തി തുടർ നടപടികൾ സ്വീകരിച്ച് വരികയും ചെയ്യുന്നു. |
| (ഡി) | റെസ വികസനത്തിന് സ്ഥലം ഏറ്റെടുത്തപ്പോൾ വഴിയടഞ്ഞു പോയ വീട്ടുകാർക്കും അംഗനവാടിയിലേക്കും വഴി കണ്ടെത്തുന്നതിന് | (ഡി) | ഇതിനായി 4.2 മീറ്റർ വീതിയിൽ റോഡ് നിർമ്മിക്കുന്നതിന് വേണ്ടി ഏറ്റെടുക്കേണ്ടതായ 8.86 സെന്റ് ഭൂമിയുടെ സ്കെച്ച് സഹിതമുള്ള വിശദമായ |

| | | | |
|---|---|---|---|
| | എന്തെല്ലാം നടപടികളാണ് ഇതിനോടകം സ്വീകരിച്ചത് എന്ന് വിശദമാക്കുമോ; | | റിപ്പോർട്ട് പൊതുമരാമത്ത് വകുപ്പിന്റെ പരിശോധനയിലാണ്. |
| (ഇ) | വിമാനത്താവളത്തിന്റെ പരിസരപ്രദേശത്ത് വീട് നിർമ്മിക്കുന്നതിന് എയർപോർട്ട് അതോറിറ്റിയുടെ നിരാക്ഷേപ പത്രം ലഭിക്കാത്തതിന്റെ പേരിൽ മുൻസിപ്പാലിറ്റിക്ക് അനുമതി നൽകാൻ കഴിയാത്ത സാഹചര്യം പരിഹരിക്കുന്നതിന് മലപ്പുറം ജില്ലാ കലക്ടർ സമർപ്പിച്ച റിപ്പോർട്ടിന്മേൽ എന്ത് നടപടികളാണ് ഇതിനകം സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കുമോ; | (ഇ) | ഇക്കാര്യം പരിശോധിച്ച് വരികയാണ്. |
| (എഫ്) | കോഴിക്കോട് വിമാനത്താവളത്തിൽ വലിയ വിമാനങ്ങൾ ഇറങ്ങുന്നതിനും കൂടുതൽ ആഭ്യന്തര - അന്താരാഷ്ട്ര സർവീസുകൾ ആരംഭിക്കുന്നതിനും പകൽസമയം കൂടുതൽ സർവീസുകൾ ആരംഭിക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിക്കുക എന്ന് വ്യക്തമാക്കുമോ? | (എഫ്) | AAIB-യുടെ ശുപാർശകൾ കണക്കിലെടുത്താണ് 'റെസ' വിപുലീകരണത്തിനുള്ള പണി ആരംഭിച്ചത്. 'റെസ' വിപുലീകരണത്തോടെ വലിയ വിമാനങ്ങളുടെ പ്രവർത്തനങ്ങൾ സുഗമമാകുമെന്നു പ്രതീക്ഷിക്കുന്നു. റൺവേ റീകാർപെറ്റിംഗ് 2024-ൽ പൂർത്തിയായിട്ടുണ്ട്. റഡാർ സിസ്റ്റം സ്ഥാപിക്കുന്നതിന് അനുമതി ലഭിച്ചു എന്നും 2025 ഒക്ടോബറോടെ ഇതിന്റെ പണി ആരംഭിക്കുമെന്നും എയർ പോർട്ട് അതോറിറ്റി ഓഫ് ഇന്ത്യ അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ